**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 116** **22-06-2026-ൽ മറുപടിയ്ക്ക്**

**കേരള തീരത്ത് നോൺ മേജർ തുറമുഖങ്ങളിൽ ആരംഭിക്കുന്ന പദ്ധതികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. സി. മൊയ്തീൻ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** കേരള തീരത്ത് നോൺ മേജർ തുറമുഖങ്ങൾ ബന്ധിപ്പിച്ചുള്ള ചരക്ക് ഗതാഗതം ആരംഭിക്കുവാൻ എന്തെല്ലാം പദ്ധതികളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**മറുപടി:** മിഷൻ സമുദ്ര പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ നിർണ്ണായകമായ നാല് പ്രധാന നോൺ മേജർ തുറമുഖങ്ങളായ വിഴിഞ്ഞം - കോവളം, കൊല്ലം ബേപ്പൂർ, അഴീക്കൽ എന്നിവയുടെ വികസനത്തിനായും, കടൽ വഴിയുള്ള ചരക്ക് ഗതാഗതത്തിനും, മറ്റ് തുറമുഖ അധിഷ്ഠിത വ്യവസായങ്ങളും പ്രോത്സാഹിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. വൻകിട ചെറുകിട തുറമുഖങ്ങളെ ബന്ധിപ്പിച്ച് ഘട്ടംഘട്ടമായി ജലഗതാഗത സംവിധാനം വികസിപ്പിക്കുന്നതിനും ആദ്യഘട്ടത്തിൽ കാര്യക്ഷമമായ ചരക്കു ഗതാഗതം, തുടർന്ന് യാത്രാ സേവനങ്ങൾ, അവ സാനഘട്ടത്തിൽ ജലാശയങ്ങൾ ബന്ധിപ്പിച്ച് ഏകീകൃത നെറ്റ് വർക്ക് എന്നിവയെല്ലാം മിഷൻ സമുദ്രയുടെ ഭാഗമായി വിഭാവനം ചെയ്യുന്നു.

**(ബി)** നോൺ മേജർ തുറമുഖങ്ങളിൽ സ്വദേശ - വിദേശ കപ്പലുകൾ കയറ്റ് ഇറക്കുമതി സുഗമമാക്കാൻ എന്തെല്ലാം സൗകര്യങ്ങളാണ് നിലവിലുള്ളതെന്നും ഇതിനായി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

**മറുപടി:** സംസ്ഥാനത്തെ ഓപ്പറേഷണൽ നോൺ മേജർ തുറമുഖങ്ങളായ കോവളം-വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴിക്കൽ തുറമുഖങ്ങളിൽ സ്വദേശ-വിദേശ കപ്പലുകൾ അടുക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നിലവിലുണ്ട്. വിദേശ കപ്പലുകൾക്ക് അടുക്കുന്നതിനാ വശ്യമായ ഐ.എസ്.പി.എസ്. സംവിധാനം മേൽ തുറമുഖങ്ങളിൽ നിലവിലുണ്ട്. കൂടാതെ കോവളം-വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ തുറമുഖങ്ങളിൽ ഐ.സി.പി സംവിധാനവും നിലവിലുണ്ട്. കപ്പൽ ചാനലിന്റെ ആഴം കൂട്ടിയും, അഡീഷണൽ വാർഫുകൾ നിർമ്മിച്ചും കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**